# ST JOHN'S J.S.H.S

## KANNIATTUNIRAPPU

# *CLOJURE 24*

# ST JOHN'S J.S.H.S
## KANNIATTUNIRAPPU



PREPARED BY :

# LITTLE KITES
## 2022-25 BATCH



പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തോടനുബന്ധിച്ച് നമ്മുടെ സംസ്ഥാനം പൊതുവിദ്യാഭ്യാസരംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് തയ്യാറെടുക്കുകയും സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലും ഹൈടെക്ക് ക്ലാസ്സ്മുറികൾ ആരംഭിക്കുകയും ചെയ്തു.ഇതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസവകുപ്പും കൈറ്റും ചേർന്ന് ആവിഷ്കരിച്ച "ലിറ്റിൽ കൈറ്റ്സ് "എന്ന ഹൈടെക് പദ്ധതി നമ്മുടെ സ്കൂളിൽ ആരംഭിക്കികയും വിദ്യാർത്ഥികളെ പുത്തൻസാങ്കേതികവിദ്യകളുടെ വിവിധ മേഖലകളെകുറിച്ച് പ്രാവീണ്യമുള്ളവരാക്കാൻ സാധിച്ചു.തുടർന്ന് ലിറ്റിൽ കൈറ്റസ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ

## "ക്ളോജർ"

പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ഒപ്പം നമ്മുടെ വിദ്യാലയത്തെ കുറിച്ച് അഭിമാനവും കൊള്ളുന്നു.മാഗസിൻ നിർമാണത്തിൽ പങ്കാളികളായ എല്ലാ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും,നേതൃത്വം നൽകിയ അധ്യാപകരെയും അനുമോദിക്കുന്നതിന്നൊപ്പം എല്ലാ ആശംസകളും നേരുന്നു.

സുബോധ് വി.പി
പ്രധാനാധ്യാപകൻ

പ്രിയപ്പെട്ടവരെ,

ക്ലോജർ ഇതാ നിങ്ങൾക്കായ്...

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ നേർക്കാഴ്ച്ചയായി ഈ സംരഭത്തെ രൂപപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.വിവര സാങ്കേതിക വിദ്യയുടെ അനന്തമായ സാധ്യതകളുടെ ലോകത്താണ് നാം ജീവിക്കുന്നത്.
അതുകൊണ്ട് തന്നെ ഈ ഉദ്യമം പ്രസക്തമാണ്.
തികച്ചും ശ്രമകരമായ ഈ സംരംഭത്തിനോടൊപ്പം നിന്ന എല്ലാവരോടുമുള്ള സ്നേഹം മനസ്സിൽ നിറയുന്നു.കഠിനാധ്വാനത്തിന്റെ കനൽവഴികൾ നൽകിയ അനുഭവസമ്പത്ത് മുന്നോട്ടുള്ള യാത്രയിൽ കരുത്തേകട്ടേ എന്ന് ആശംസിക്കുന്നു...
നമ്മുടെ വിദ്യാലയത്തിന്റെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.പരിമിതികൾ ഏറെയുണ്ട് വിലയിരുത്തൽ നിങ്ങൾക്ക് വിട്ട്തരുന്നു...

സ്നേഹത്തോടെ

എഡിറ്റോറിയൽ

# LITTLE KITE'S MEMBERS

< PRANAV MADHU
< ANJALEENA DILEEP
< MOHIT OJHA
< SANJAL SOMAN
< SEFIN SABU
< BHARATH CHANDRAN
< AKSA P JIJO
< KANNAN R
< ASHIN ANISH
< ADWAITH SATHEESH
< ALVIN VJ
< MARIYAM RIYA REASE
< ATUL KRISHNA
< JOHN P DILEEP
< HARIGOVIND S
< JAMES N REJI
< AISWAR VARGHESE MATHEW
< ASHVIN E SHIBU
< CIYA SINU
< JOHAN BIJU K
< ADITHYA KM

# INDEX


< കാക്കയും കൂട്ടരും

< ഗ്രാമഭംഗി

< കുഞ്ഞനുജത്തി

< നറുങ്ങുവെട്ടം

< കേരളം

< അമ്മത്താറാവും കുഞ്ഞിത്താറാവും

< BEST FRIENDS

< THE OPPOSITE SISTER

< വാർദ്ധ്യകത്തിന്റെ ഓർമ്മകൾ

< പ്രകൃതി

< കണ്ണന്റെ പക്ഷികൾ

< MY MOTHER

< നിറച്ചാർത്ത്

< മികവുകൾ

# കാക്കയും കൂട്ടുകാരും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു വലിയ ഞാവൽ മരം ഉണ്ടായിരുന്നു.ആ മരത്തിലായിരുന്നു കാക്കയുടെ കൂട്ടുകാരുടെ താമസം.അങ്ങനെയിരിക്കെ ഒരു വേട്ടക്കാരൻ വന്ന് ആ മരം വെട്ടികളയാൻ ഒരാളെ ഏർപ്പാടാക്കി.ആ കാക്കയും കൂട്ടരും ഒരു കാര്യം തീരുമാനിച്ചു.ആ വേട്ടക്കാരനെ ഇവിടെ നിന്നു പറ്ഞ്ഞു വിടണം.എങ്ങനെയാണ് എന്ന് ആ കാക്കയും കൂട്ടരും വിചാരിച്ചു.അവർ എല്ലാവരും കൂടി ഒരു പ്ലാവുമരത്തിൽ ഒളിച്ചിരുന്നു.ആ വേടൻ വന്നു.അവർ എല്ലാം കൂട്ടം കൂടി ആ വേടനെ കൊത്താൻ തുടങ്ങി.അങ്ങനെ അവർ ആ വേട്ടക്കാരനെ അവിടെ നിന്ന് ഓടിച്ചു വിട്ടു.പിന്നെ അവർ സന്തോഷത്തോടെ ജീവിച്ചു...

അനുപ്രിയ അജി
VA



# ഗ്രാമഭംഗി

എത്ര മനോഹരം എന്റെ ഗ്രാമം
എത്ര സുന്ദരം എന്റെ ഗ്രാമം
പച്ചപ്പുടവ വിരിച്ചോരു ഗ്രാമം
പച്ചമെത്ത വിരിച്ചോരു ഗ്രാമം
വെള്ളി വെള്ളം ഒഴുകുന്ന ഗ്രാമം
നസമ്പൽസമൃദ്ധം എന്റെ ഗ്രാമം
കല്പകതരു നിരക്കും എന്നുടെ ഗ്രാമം
അകലെയാണ് അകലെയാണ്
എന്റെ ഗ്രാമം
അവിടെയാണ് അവിടെയാണ്
എന്റെ ജീവൻ

അന്നാ രാജു
VI B

# കുഞ്ഞനുജത്തി

എനിക്കും ഉണ്ട് ഒരു കുഞ്ഞനുജത്തി
സുന്ദരിയായ ഒരു കുഞ്ഞനുജത്തി
കുസൃതി കാണിക്കും കുഞ്ഞനുജത്തി
എന്നുടെ പൊന്നനുജത്തി
അവൾ പാലൊളി പുഞ്ചിരിതൂകും
ശലഭത്തിൻ വർണത്തിൻ
നിറങ്ങൾ ചാലിച്ച കുഞ്ഞുപാവാടക്കാരിവൾ
കിലുകിലാ കിലുങ്ങുന്ന
പാദസരത്തിന്റെ കാലൊച്ച കേട്ടു ഞാൻ
ഓടിചെന്നു ഓമന കുഞ്ഞിനെ
വാരിയെടുത്തു ഞാൻ ഓമന പൂമുത്തം
നൽകി ഓമന പൂമുത്തം നല്കി....

വേദിക
6B

# നുറുങ്ങു വെട്ടം

മിന്നാമിനുങ്ങേ വന്നാട്ടെ
എന്നുടെയരികിൽ നിന്നാട്ടെ
ആരിതു തന്നു മിന്നുന്ന വെട്ടം
എല്ലാമൊന്നു പറഞ്ഞാട്ടെ...
എല്ലാമൊന്നു പറന്നാട്ടെ...

കാർത്തിക മഹേഷ്
5C

## കേരളം

കേരമരങ്ങൾ തിങ്ങിയ നാട്
എന്റെ സ്വന്തം നാട്
കലകൾ നിറഞ്ഞൊരു നാട്
കഥകളി തന്നുടെ നാട്
കാടും മലയും മലരണിമേടും
തിങ്ങിനിറഞ്ഞൊരു നാട്
കടലും കായലും തോടുകളെല്ലാം
കൺകുളിർക്കും നാട്
പാടവും തൊടിയും
പച്ചപരവതാനി വിരിക്കുന്നു
പൂവുകളും പൂമ്പാറ്റകളും
പൂമ്പൊടിയെല്ലാം പൂശുന്നു
മലയാളത്തിൻ നാടാണ്
മഴമേളത്തിൻ നാടാണ്
തെയ്യവും പടയണിയും
നൃത്ത ചുവടുകൾ വയ്ക്കുന്നു
ചെണ്ടയും മദ്ദളവും
താളമേളങ്ങൾ വയ്ക്കുന്നു
ശാഖിയും ചെടികളും
നമ്മുടെ നാടിൻ രക്ഷാകവചം
അനുകമ്പാ പൂർണ്ണമായ നാട്
നമ്മുടെ സ്വന്തം നാട്
കേരളമെന്ന നാട്
എന്റെ സ്വന്തം നാട്
എന്റെ സ്വന്തം നാട്....

:ആൽബിയ ബെൻസിലി

# അമ്മത്താറാവും കുഞ്ഞിത്താറാവും

ഒരു ദിവസം അമ്മതാറാവും , കുഞ്ഞിതാറാവും കുളത്തിന്റെ അരികെയുള്ള വീട്ടിൽ താമസിച്ചിരുന്നു അമ്മതാറാവ് എന്നും തീറ്റത്തേടാൻ പോകുമായിരുന്നു . ഒരു ദിവസം അമ്മതാറാവ് കുഞ്ഞിതാറാവിനോട് പറഞ്ഞു മോളെ ഞാൻ തീറ്റത്തേടാൻ പോകുകയാണ് പുറത്തോട്ട് എങ്ങും ഇറങ്ങരുത്. അങ്ങനെ അമ്മതാറാവ് പോയി. അമ്മതാറാവ് പോയതക്കം നോക്കി കുഞ്ഞിതാറാവ് മെല്ലെ , മെല്ലെ പുറത്തോട്ട് ഇറങ്ങി, "ഹായ് എന്തുരസമാണ് ഈ കുളം കാണാൻ എന്നിട്ടാണോ അമ്മ എന്നോട് പുറത്തെറങ്ങരുത് എന്ന് പറഞ്ഞത്." അങ്ങനെ ആ കുളത്തിലോട്ട് കുഞ്ഞിതാറാവ് ഒറ്റച്ചാട്ടം ബ്ലും അങ്ങനെ കുഞ്ഞിതാറാവ് നീന്തി നീന്തി അക്കരെ എത്തി അപ്പോൾ അവിടെ ഒരു കരടിയുണ്ടായിരുന്നു. അപ്പോൾ ആ കരടി പറഞ്ഞു, "ഞാൻ നിന്നെ തിന്നാൻ പോകുകയാണ്," അപ്പോൾ കുഞ്ഞിതാറാവ് വിറച്ചുകൊണ്ട് പറഞ്ഞു, " എന്റെ മേലുമോത്തം ചെളിയല്ലെ ഞാൻ വെള്ളത്തിൽ പോയി ചെളിയെല്ലാം കളഞ്ഞിട്ടുവരാം"കരടി, "ആ" എന്നുപറഞ്ഞു. സത്യമാണല്ലോ നിന്റെ മേൽ  മൊത്തം ചെളിയാണെല്ലോ നീ പോയി കുളത്തിൽ മുങ്ങിയിട്ട് വാ എന്ന് പറഞ്ഞു. കുഞ്ഞിതാറാവ് കരടിയെ പറ്റിച്ച് വെള്ളത്തിൽ നീന്തി , നീന്തി , രക്ഷപ്പെട്ടു . നിങ്ങൾക്ക് ഈ കഥയിൽ നിന്ന് എന്താണ് മനസ്സിലായത് മാതാപിതാക്കൾ പറയുന്നത് അനുസരിക്കണം

- അലീന ജൈ എബ്രാഹാം

# Best friends

A lonely boy was playing in the park. He saw a small sparrow,sitting on a clock. He went near it ,but it didn't fly away. He understood that it was wounded was very sad .He took the wounded sparrow to his house. He named it Tintin. He used to play with it,gave share of his food ,talked to it as if it understands everything used to listen to it as if he understands everything it said.soon they become good friends. He tried to cure the wound and after some days it was capable of flying .

Every evening both of them come to the park and would play. The sparrow would fly and he would chase it.But one day another sparrow come to the park and when Tintin saw it he flew towards it and went somewhere.The boy waited there for a long time but it didn't come back.He started to cry.It was becoming dark andhe returned back to his home.His mother had prepared his favourite food,but he didn't eat it.For a fewdays he used to go to the park and waited there till it grew dark.He hope that the bird would come back one day.But it didn't once he saw a sparrow in the courtyard and ran towards it,but it flew away.He was very disappointed.He was lonely again.He was not having any interest over anything.

One day when he woke up he saw Tintin sitting near his bed.He thought it was a dream,but it was real.Suddenly it flew to a tree near his window.There he saw a beautiful scene.For small sparrows were making sounds.He had heard it before ,but couldn’t recognize it.Suddenly the other sparrows also come near him.He tried to touch it.But they become scared and moved towards a side.Tintin came near his bed and sat on his shoulders.Slowly others also come near him and allowed to touch it.He took grains and fruits and gave it to the birds.They took it and went to their nest and feed their babies.He looked at them and was very happy.From that day onwords when he go to thepark Tintin and the other sparrows would also cometo play with him.

ANGEL SUSAN JIBY V A

# *The opposite sister*

There lived a girl named Claire in a big mansion with her neglected business parents. The maids took care of her mostly. Claire was home schooled by professional teachers whenever she ask her parents to play with her just sent her away. So she mostly talked and played with the maids. The maids always compliment her light brunette hair and her green hazel eyes. But as she grew older she wears braces and got lots of pimples. Only things that makes her happy always were drawing and taking care of her pets. She even have a room for her pets. She have a Beagle, two chihuahua, a hamster, one Nepolean  cat and two cute lovebirds. Claire's maids helped her in taking care of her pets. One evening she saw some kids walking in the street after school through her room's window. The reason she noticed it was be cause of their chit-chat. Seeing them so happy and laughing loudly with their friends made her jealous. That night she decided to confess her loneliness to her parents and begged to send her to regular school. After seeing her desperation her parents agreed to send her to school.

Her first day as a third grader she is over the moon to make new friends. Unfortunately all the kids were in different friend groups and Claire was the only one standing there with out any friends. But she tried to talk to others but they simply avoided her, when she others , she tries to impress them by learning new tricks and bringing new gadgets to school. But it was utter failure . After failing so many trials decided to focus on her studies more and she was pretty good at it . Months later her mother gave birth to a beautiful baby girl Cassie .The second she heard the news Claire and her dad rushed to see the baby . When they where rushing to the room she slipped  at the wet floor and bruised her ankle . The movement she saw the baby she was pale ,a beautiful blonde with blue eyes just like the features of models her

parents were extra worried about her and didn’t let her touch the baby for a weak because of clumsy slip.Claire noticed the changes in her parents behaviour they started to spend more time with the baby Cassie. She felt that her parents are giving all their love to her sister. The every little movement or things was captured and posted in different medias by her parents and she gains a lot of fans and become popular by her charm. While Claire still couldn’t find a best friend. By the time Cassie went to school ,she was so popular that even her teachers would adore her. The bond between Claire and Cassie weren’t good . Claire was a bookworm, pets lover and insecure about herself. While Cassie was a spoiled brat who spends lot of money in skincare products , cloths,shoes and went to parties most of the days. One day Claire saw some of Cassie’s friends gossiping about Cassie ‘yeah...

She is pretty but she will never be one of us and another one saying ‘just because she got some money she can’t boss us then they went on like they are friends with her cause she bought them cool stuffs then they planned something to trap Cassie .Claire doesn’t hear it clearly but that afternoon she warned Cassie not to keep friendship with them anymore . But Cassie just thought that her sister is jealous and just wanted her life to be like Cassie’s. Claire tried to tell her parents but they thought the same as Cassie . Later Cassie was invited to camp with her friends Cassie wasn’t interested but for the sake of her friendship she went there. They walked s map directs but at some point they got confused and walked to a dark forest and found a dark, shady house near. They decided to stay there as it’s getting dark . As Cassie steps in she gets a hard hit on her head and she black out. She woke up in tiny full of spider webs there and  she was tied in a corner and a radio was there. She plays it with her feet and it was the voice of her evil friends telling how bad Cassie was and one of her friends had a crush on a boy but the boy likes Cassie more and many more about her. She felt so scared and bust into tears fortunately her mouth

wasn’t covered up cause they new noone will come. But Cassie screamed until her lung fell out, she kept doing for a while but then she heard a knock at the door and she thought of some  wild creatures or a serial killer, the door opens and then Claire pops up. She untie Cassie gave a tight hug to her sister and scrunchies Claire tells that she put a GPS tracker on her and tracked her but it was lost near the forest then I heard your horrifying scream  and I knew you were here. Cassie apologise for not being a good sister and thanked her for helping and they went back home safely. Later the sister gave a case against the evils who tried to kidnap her. After that incident. The sister were inseparable and knew they will have each others back no matter what

Eza Mariam Hanu

8-B

# വാർദ്ധക്യത്തിന്റെ ഓർമ്മകൾ

രാവിലത്തെ തണുപ്പ് മാറി പതിയെ നേരം പുലരുകയാണ്. അന്നാമ്മ ചേട്ടത്തി അന്ന് പതിവിലും നേരത്തെ ഉണർന്നു.അന്ന് ഞായറാഴ്ച്ച ആയിരുന്നതുകോണ്ട് വലിയ തിരക്കിലായിരുന്നു.വീട്ടുജോലിക്കാരിയായിരുന്നു രാധിക.ചേട്ടത്തി അടുക്കളയിലേക്ക് വന്നപ്പോൾ അടുപ്പിലെ മൺചട്ടിയിൽ തിളച്ച് മറിയുന്ന ആട്ടിൻസൂപ്പിന്റെ മണം ചേട്ടതത്തിയുടെ മൂക്കിൽ തളച്ചു കയറി.ചട്ടത്തി ഒരു കൈല് ഉപയോഗിച്ച് സൂപ്പൊന്ന് രുചിച്ച് നോക്കി എന്നിട്ട് രാധികയെ അഭിനന്ദിച്ച ശേഷം പള്ളിയിൽ പോകാൻ റെടിയാകാൻ തന്റെ മുറിയിലേക്ക് പോയി.അന്നാമ്മ ചേട്ടത്തിക്ക് മക്കൾ രണ്ടു പേരാണ് - ഒന്ന് ജോയി, പിന്നെ തെരേസ.ജോയ് കാനഡയിലെ ഒരു വലിയ കമ്പനിയിൽ ജോലി ചെയ്യുന്നു.തെരേസ ഒരു ഗവൺമെന്റ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.ചേട്ടത്തിയുടെ ഭർത്താവ് കുര്യക്കോസ് നാല് വർഷം മുമ്പ് മരിച്ചുപോയി.കുര്യക്കോസിന്റെ ഏഴിനാണ് അവസാനമായി എല്ലാവരും വീട്ടിൽ വന്നത്ത്.പള്ളിയിൽ പോയി കഴിഞ്ഞ് അന്നാമ്മ ചേട്ടത്തി വന്നപ്പോൾ വൈകി.മുറ്റത്ത് ഒരു നീല വലിയ കാർ കിടക്കുന്നത്ത് കണ്ടപ്പോൾ ആരാ വന്നത് എന്നറിയാൻ ചേട്ടത്തി വീടിന്റെ പൂമുഖത്തേക്ക് കയറി.ചേട്ടത്തിയുടെ മകൾ തെരേസയാണ് വന്നത്.കൂടെ കുട്ടികളും ഉണ്ട്.അവളെ കണ്ടപ്പോൾ അന്നമ്മ നിനക്ക് ഈ വഴിയൊക്കെ ഓർമ്മയുണ്ടൊ ടീ എന്ന് ചോദിച്ചു.തെരേസ തിരിച്ച് ഒരു വിളറിയ ചിരി ചിരിച്ചു.

ചേട്ടത്തി അടുക്കളയിലേക്ക് ചെന്നപ്പോൾ രാധിക തെരേസയുടെ മക്കൾക്ക് കൊടുക്കാൻ ചായയും ബിസ്കറ്റും എടുക്കുകയായിരുന്നു. "രാധികയെ അവര് വന്നിട്ട് കുറേ നേരം ആയോ?" ചേട്ടത്തി ചോദിച്ചു."ആ അവര് ചേട്ടത്തി പോയപ്പോൾ വന്നതാ" രാധിക മറുപടി പറഞ്ഞു

...സമയം സന്ധ്യയായി...

അത്താഴം കഴിക്കാൻ നേരമാണ് തെരേസ വന്നതിന്റെ ഉദ്ദേശം ചേട്ടത്തിക്ക് മനസ്സിലായത്.തെരേസ ജോലി സമ്പന്തമായ ആവശ്യത്തിന് രണ്ട് ദിവസം തിരുവനന്തപുരത്തിന് പോകുകയാണ്.അവളുടെ കെട്ട്യോൻ ഏതനും സ്ഥലത്തില്ല കുട്ടികളൊറ്റയ്ക്കാണ്.കുട്ടികളെ ചേട്ടത്തിയുടെ അടുത്തേൽപ്പിച്ച് രാത്രിതന്നെ തെരേസ ചങ്ങനാശ്ശേരിയിലേക്ക് തിരിച്ചു.

.പിറ്റേ ദിവസം വൈകുന്നേരം...

അപ്പുവും അമ്മുയും വന്നിട്ട് മൊബൈൽഫോണിൽ നിന്ന് കണ്ണെടുത്തില്ല.

രാധിക കുറേ പറഞ്ഞിട്ടും കേട്ടില്ല. സന്ധ്യയുടെ ഭംഗിയാർന്ന നിറങ്ങൾ പതിയെ വൈകുന്നേരത്തെ ഒരു പുതപ്പുപോലെ മൂടുന്നു.അന്നാമ്മ ചേട്ടത്തി തന്റെ ചാരു കസേരയിൽ ഇരിക്കുകയാണ്.അന്ന് ആ പ്രകൃതിയുടെ മാറ്റങ്ങൾക്ക് എന്നത്തേക്കാളും ഭംഗികൂടുതൽ ഉണ്ടെന്ന് അന്നാമ്മ ചേട്ടത്തിക്ക്  തോന്നി.അപ്പുവും ആമ്മുവും ചാരുകസേരയുടെ അടുത്തേക്ക് വന്നു .എന്നിട്ട് ചോദിച്ചു : അമ്മച്ചി... അമ്മച്ചിയുടെ കുട്ടിക്കാലം എങ്ങനെയായിരുന്നു...

[ചേട്ടത്തി ഒന്ന് ആലോചിച്ചിട്ട് പറയാൻ തുടങ്ങി]

എന്റെ അപ്പച്ചൻ പൗലോ ഒരു തടി കച്ചവടക്കാരനായിരുന്നു. അമ്മച്ചി മോളിക്കു അച്ചപ്പം, കുഴലപ്പം, നെയ്യപ്പം,ഉണ്ണിയപ്പം, കായവറുത്തത്, ചക്കവറുത്തതും, ഉണ്ടാക്കി അടുത്ത ചന്തയിൽ പോയി  വിൽക്കും  ഞാനും ഞാനും എന്റെ അനിയൻ പത്രോയും വൈകുന്നേരമാകാൻ കാത്തിരിക്കുകയായിരിക്കും ഞാനും അവനും പള്ളിക്കൂടത്തിൽ പോകുന്നത് ഒരുമിച്ചാണ് എന്റെ അമ്മച്ചി ഉണ്ടക്കുന്ന കള്ളപ്പവും പോർക്കും അവന് വളരെ ഇഷ്ടമാണ്.

* * * *

രാധിക കുട്ടികളെ ഭക്ഷണം കഴിക്കാൻ വിളിക്കാൻ വന്നിട്ടും കുട്ടികൾ അവിടെ കഥ കേൾക്കാൻ വാശി പിടിച്ചിരിപ്പാണ് "ഭക്ഷണം കഴിച്ചിട്ടേ ഞാൻ കഥ പറയുകയൊള്ളു“ ചേട്ടത്തി പറഞ്ഞു. കുട്ടികൾ ഭക്ഷണം കഴിക്കാൻ അത്താഴമേശയുടെ അരുകിൽ ഇരുന്നു. അപ്പോഴാണ് തെരേസയുടെ സന്ദേശം അമ്മുവിന്റെ ഫോണിൽ കിട്ടിയത്. സന്ദേശത്തിന്റെ ഉള്ളടക്കം ഇതായിരുന്നു "ഞാൻ ഇന്ന് രാത്രി വീട്ടിൽ എത്തും“. ഭക്ഷണം കഴിച്ച് കഴിഞ്ഞ് കുട്ടികൾ വീണ്ടും കഥ പറയാൻ ചേട്ടത്തിയെ നിർബന്ധിച്ചു " ഞങ്ങൾ പള്ളിക്കൂടത്തിൽ പോകുന്ന വഴിയിൽ ഒരു വലിയ വീടുണ്ട് അവിടെ കറമുസയുടെ മരത്തിൽ പഴത്തത് ഉണ്ടെങ്കിൽ കല്ല് എറിയും. ഒരു ദിവസം കറമുസയിൽ കല്ല്കൊണ്ട് ആ വീട്ടിലെ ജോണിചേട്ടൻ ആരാ കല്ല് എറിഞ്ഞേ എന്ന് ചോദിച്ചു
വന്നു


എനിക്ക് നല്ല ഭാഗ്യം ഉള്ളത് കൊണ്ട് എന്നെ പുള്ളികണ്ടു എന്നിട്ട് എന്റെ അമ്മച്ചിയെ കണ്ട് എന്റെ കുറ്റം പറഞ്ഞു അന്നത്തോടെ പിന്നെ കല്ലെറിയുന്നത് ഞങ്ങൾ നിർത്തി. ഒന്നാമതേഇതെല്ലാം കാരണം ഞങ്ങൾ സ്കൂളിൽ എത്തുന്നത് വൈകിയാണ് അതുകൊണ്ട് കണക്ക് ടീച്ചറുടെ കൈയ്യിൽ നിന്നും നല്ല ചുട്ട അടിയും കിട്ടാറുണ്ട് അങ്ങനെ കുറേ നല്ല ഓർമ്മകൾ എനിക്ക് എന്റെ കുട്ടിക്കാലം നൽകി.

നല്ല രസമുണ്ട് പഴയകാലം "മമ്മി എങ്ങനെ ആയിരുന്നു പണ്ട് ?“ കുട്ടികൾ ചോദിച്ചു

രാധിക കുട്ടികളെ ഭക്ഷണം കഴിക്കാൻ വിളിക്കാൻ വന്നിട്ടും കുട്ടികൾ അവിടെ കഥ കേൾക്കാൻ വാശി പിടിച്ചിരിപ്പാണ് "ഭക്ഷണം കഴിച്ചിട്ടേ ഞാൻ കഥ പറയുകയൊള്ളു" ചേട്ടത്തി പറഞ്ഞു. കുട്ടികൾ ഭക്ഷണം കഴിക്കാൻ അത്താഴമേശയുടെ അരുകിൽ ഇരുന്നു. അപ്പോഴാണ് തെരേസയുടെ സന്ദേശം അമ്മുവിന്റെ ഫോണിൽ കിട്ടിയത്. സന്ദേശത്തിന്റെ ഉള്ളടക്കം ഇതായിരുന്നു "ഞാൻ ഇന്ന് രാത്രി വീട്ടിൽ എത്തും". ഭക്ഷണം കഴിച്ച് കഴിഞ്ഞ് കുട്ടികൾ വീണ്ടും കഥ പറയാൻ ചേട്ടത്തിയെ നിർബന്ധിച്ചു " ഞങ്ങൾ പള്ളിക്കൂടത്തിൽ പോകുന്ന വഴിയിൽ ഒരു വലിയ വീടുണ്ട് അവിടെ കറമൂസയുടെ മരത്തിൽ പഴുത്തത് ഉണ്ടെങ്കിൽ കല്ല് എറിയും. ഒരു ദിവസം  കറമൂസയിൽ കല്ല്കൊണ്ട് ആ വീട്ടിലെ ജോണിചേട്ടൻ ആരാ കല്ല്  എറിഞ്ഞേ എന്ന് ചോദിച്ചു വന്നു

എനിക്ക് നല്ല ഭാഗ്യം ഉള്ളത് കൊണ്ട് എന്നെ പുള്ളികണ്ടു എന്നിട്ട് എന്റെ അമ്മച്ചിയെ കണ്ട് എന്റെ കുറ്റം പറഞ്ഞു അന്നത്തോടെ പിന്നെ കല്ലെറിയുന്നത് ഞങ്ങൾ നിർത്തി. ഒന്നാമതേഇതെല്ലാം കാരണം ഞങ്ങൾ സ്കൂളിൽ എത്തുന്നത് വൈകിയാണ് അതുകോണ്ട് കണക്ക് ടീച്ചറുടെ കൈയ്യിൽ നിന്നും നല്ല ചുട്ട അടിയും കിട്ടാറുണ്ട് അങ്ങനെ കുറേ നല്ല ഓർമ്മകൾ എനിക്ക് എന്റെ കുട്ടിക്കാലം നൽകി.

നല്ല രസമുണ്ട് പഴയകാലം "മമ്മി എങ്ങനെ ആയിരുന്നു പണ്ട് ?"  കുട്ടികൾ ചോദിച്ചു




## * * * * ക്രിസ്തുമസ് ദിനം * * * * *

ജോണിയും തെരേസയും ഭക്ഷണമെല്ലാം പാകം ചെയ്തത് അത്താഴമേശയിൽ ഒരുക്കിവച്ചതും എല്ലാവരും നക്ഷത്രം തെളിക്കുന്നത് കാണാൻ മുറ്റത്ത്
നിൽക്കുന്നുണ്ടായിരുന്നു അന്നാമ്മ ചേട്ടത്തിയും ഉണ്ടായിരുന്നു നക്ഷത്രം തെളിയിച്ചപ്പോൾ എല്ലാവരുടെയും ഹൃദയത്തിൽ ഒരു പ്രതീക്ഷ നല്കി അവിടെ നിന്ന് ഏവരെക്കാളും പ്രതീക്ഷയും സന്തോഷവും കിട്ടിയത് അന്നാമ്മ ചേട്ടത്തിയുടെ ഹൃദയത്തിലാണ് ...........


* * * * * * * *

അയോണ മരിയാ ബിജു 8-B

# പ്രകൃതി

പച്ച നിറംകൊണ്ട് മൂടിയിരിക്കും കാനനങ്ങൾ
വൃക്ഷങ്ങളിൽ ഓടി നടക്കും അണ്ണാൻകുഞ്ഞുങ്ങൾ
കൂട്ടിലിരുന്നു പാട്ടുപാടും പൈങ്കിളികൾ
ചിന്നം വിളിക്കും കാട്ടാനകൾ
കുണുങ്ങി നടക്കും കുഞ്ഞാനകൾ
തുള്ളി നടക്കും മാൻകിടാവ്
ചാടി നടക്കും വാനരൻമാർ
പൂമണം പരത്തുന്ന തേൻക്കാറ്റുകൾ
മധുരം നുണയുന്ന മധുഭങ്ങൾ
പച്ച നിറംകൊണ്ട മൂടിയിരിക്കും കാനനങ്ങൾ

ലക്ഷ്മിനന്ദ . ടി . അനിൽ



# കണ്ണന്റെ  പക്ഷികൾ

ഒരു ഗ്രാമത്തിൽ കണ്ണൻ എന്ന് പേരുള്ള ഒരു കുട്ടി
ഉണ്ടായിരുന്നു. ഒരു ചെറിയ കാടിനടുത്തായിരുന്നു ഈ ഗ്രാമം. അവന്റെ വീടിനടുത്ത് നിറയെ
മരങ്ങളും ചെടികളും ഉണ്ടായിരുന്നു. കണ്ണന് പക്ഷിമൃഗാദികളെ ഒത്തിരിഇഷ്ട്മായിരുന്നു.
അവൻ
എന്നും രാവിലെ ഉണരുന്നത്  പക്ഷികളുടെ കലപില കേട്ടാണ്. ഒരു ദിവസം രാവിലെ
ഉണർന്നപ്പോൾ അവൻ കാണുന്ന ഒരു പക്ഷി അവന്റെ ജനൽ അരികിൽ ഇരിക്കുന്നു. അവനെ
കണ്ടപ്പോൾ അത് പറന്നു അടുത്തുള്ള മരകൊമ്പിൽ ഇരുന്നു. അവൻ വേഗം പുറത്തിറങ്ങി
അവനെ കണ്ടപ്പോൾ അത് വീണ്ടും പറന്നു പോയി
അവൻ പതുങ്ങി പതുങ്ങി അവിടേക്കു പോയി. അത് കണ്ണന്റെ പനിനീർ ചാമ്പയിൽ ഇരിക്കുന്നു.
നീണ്ടവാലുള്ള ഒരു കുഞ്ഞികിളി അവൻ      ഇതുവരെ അതുപോലൊന്നിനെ
കണ്ടിട്ടില്ലായിരുന്നു. അവൻ കടന്ന നേരം അതിനെ നോക്കിനിന്നു കണ്ണാ.......... എന്ന വിളി
കേട്ടപ്പോൾ ആ പക്ഷി വേഗം പറന്നു പോയി അവന് സങ്കടം വന്നു.  കണ്ണന്റെ അമ്മ അവനെ
വിളിച്ചതായിരുന്നു അവൻ അമ്മയോടു പറഞ്ഞു അമ്മേ ഒരു സുന്ദരിപക്ഷി നീണ്ടവാലുള്ള
കുഞ്ഞികിളി ഇതുവരെ അങ്ങനെ ഒന്നിനെ ഇവിടെ കണ്ടിട്ടില്ല. അപ്പോൾ അമ്മ പറഞ്ഞു
"അത് ദേശാടനപക്ഷി ആയിരിക്കും ഇപ്പോൾ അവ വരുന്ന സമയമാണ് നീ നമ്മുടെ പാടത്തും
പറമ്പിലും നോക്കിക്കെ ഇന്നു വരെ കാണാത്ത പക്ഷികളെ കാണാൻ കഴിയും". കണ്ണൻ
ചോദിച്ചു ദേശാടനപക്ഷി എന്നാൽ എന്താണ്. "ദൂരെ ദേശങ്ങളിൽ ,നിന്നും തണുപ്പിൽ നിന്ന്
രക്ഷനേടാനും ഭക്ഷണത്തിനുമായി പക്ഷികൾ എത്താറുണ്ട് അവയാണത്. "മോൻ ബുക്കിൽ
ത്തുവലുകൾ ശേകരിക്കാറില്ലേ അതിൽ ഇനിമുതൽ പക്ഷികളെ നിരീക്ഷിച്ച് അവയുടെ
പ്രത്യേകതകൾ  കൂടി എഴുതി സൂക്ഷിക്കു" അമ്മ പറഞ്ഞു. "ശരിയമ്മെ എന്നാൽ ഞാൻ
അവയുടെ ചിത്രങ്ങളും ശേഖരിക്കാം, എന്റെ പക്ഷിനിരീക്ഷണബുക്ക് എന്ന പേര് നൽകാം".
അമ്മ പറഞ്ഞു എന്നാൽ കണ്ണന്റെ പക്ഷികൾ എന്നാക്കു. നല്ല
പേരല്ലേ

അനിക അനീഷ് 5 B

# My mother

I have a sweet mother

I have a lovely mother

She becomes a doctor when I feel sick

She becomes a teacher when I have doubts

She become a soldier when I have problems

She is the strength of my life

My mother is a gift from GOD.

– ANN BRIGITH VI A

# നിറച്ചാർത്ത്





NANDANA J



AGNIVESH



SHIVANI JAYACHANDRAN



AKSHARA SURESH



ADINARAYANAN K S



ANNA V BINU



HRIDHYA S





HRIDHYA YADUNATH


KARTHIK I S





KASHINATH ANEESHKUMAR

SREEPRIYA






SALABHA SARATH



JIYA ANNA ARUN



ARDRA RAJESH




KEERTHANA VINU

# മികവ്



ST JOHNS JSHS
KANNIATTUNIRAPPU
WINNERS
Congratulations
FULL A+
ABEL K RINIL
ABHINANDA ANIL
ALBIN VARGHESE
ANANTH T A
ANITTA SUNNY
ANSON K DIKSON
ASIN JOSHY
Aswin Anand Giridhar
ASWIN M RAJEEV
AYRON C BIJU
CHRISTO VARGHESE
DEVAPRIYA LIJU
DEVIKA RATHEESH
EVAN MANOJ
FEBIN SABU
IRINE ROY
JESWIN JOBY
JOBIN SHIBU
JUSTIN JITHIN
JYOTHIS SHIBU
KEVIN JIMMY
MALAVIKA ANILKUMAR
MATHEW THOMAS
MILEN REJI
NANDANA JAYACHANDRAN
SIVAGANGA RAJ
SNEHA SHYJU
ആശംസകളോടെ...
പൂർവ്വവിദ്യാർത്ഥികൾ

# സംസ്ഥാനതലത്തിൽ അഭിമാനമായി

## സെൻ്റ് ജോൺസ് ജെ എസ് എച്ച് എസ്




*STATE A - GRADE ELECTRICAL WIREING*






SREEHARI CS
STATE A GRADE
ശാസ്ത്രീയസംഗീതം,
ഗാനാലാപനം

ASHNA SABU
STATE A GRADE
HIGH SCHOOL
:VIOLIN (Western)

# നൂലിഴയിൽ തീർത്തത് ജീവൻ തുടിക്കുന്ന ചിത്രം



കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് സ്കൂളിലെ കുട്ടികൾ നൂലിഴയിൽ തീർത്ത ചിത്രം പ്രധാനാധ്യാപകൻ വി പി സുബോധിന് സമ്മാനിക്കുന്നു

**സ്വന്തം ലേഖകൻ**

**കോലഞ്ചേരി**

നൂലിഴ തെറ്റിയില്ല, കുട്ടികൾ തീർത്തത് തങ്ങളുടെ പ്രിയ അധ്യാപകന്റെ ജീവൻ തുടിക്കുന്ന ചിത്രം. കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഹൈസ്കൂളിലെ പ്രധാനാധ്യാപകൻ വി പി സുബോധിന്റെ ചിത്രമാണ് ഒമ്പതാംക്ലാസ് വിദ്യാർഥികളായ അതുൽ കൃഷ്ണ, മോഹിത് ഓജ, ജർമിയ ലിജിൻ, അദ്വൈത് സതീഷ് എന്നിവർ ചേർന്ന് നൂലിൽ തീർത്തത്. 4400 ഇഴകൾ കോർത്തിണക്കി നാലു മാസംകൊണ്ടാണ് ചിത്രം പൂർത്തിയാക്കിയത്.

ഇരുനൂറിലധികം നൂൽ കട്ടകൾ ഇതിനായി ഉപയോഗിച്ചു. ഓണാഘോഷ പരിപാടിയോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കുട്ടികൾ ചിത്രം സമ്മാനിച്ചു. തനിക്ക് ലഭിച്ച ഏറ്റവും മൂല്യമുള്ള സമ്മാനമാണിതെന്നും മറ്റേത് ആദരവിനെക്കാളും മേലെയാണിതെന്നും അദ്ദേഹം പറഞ്ഞു. 18 വർഷമായി കണ്യാട്ടുനിരപ്പ് സ്കൂളിലെ കുട്ടികളുടെ പ്രിയ ഗണിത അധ്യാപകൻകൂടിയാണ് സുബോധ്.

ദേശാഭിമാനി Mon, 28 August 2023 https://epaper.deshab


















OFFICE








സ്വാതന്ത്ര്യദിന
ഘോഷയാത്ര


9400931849





**സ്നേഹാദരങ്ങളോടെ............**

ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിൽ ഞങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും പ്രോത്സാഹനങ്ങളും കൈത്താങ്ങുകളും നൽകിയ ഹെഡ്മാസ്റ്റർ ശ്രീ വി പി സുബോധ് സാറിനും ഞങ്ങളുടെ ഈ ഉദ്യമത്തിന് സഹായ ഹസ്തവും , വിലയേറിയ സമയവും നൽകിയ മറ്റ് അധ്യാപകർക്കും തങ്ങളുടെ സർഗ്ഗവാസനകളെ കലാസൃഷ്ടികളാക്കി ഞങ്ങൾക്ക് പകർന്നു തന്ന എല്ലാ കൂട്ടുകാർക്കും, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

